# Deepika

## 23 August 2018

## Kochi: Flood, Flood relief fund



### കേരളത്തിനു സഹായവുമായി ലക്ഷദ്വീപും

കൊച്ചി: കേരളത്തിന്റെ പുനരധിവാസത്തിനു സഹായഹസ്തവുമായി ലക്ഷദ്വീപും. ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ദുരിതാശ്വാസനിധിയിൽനിന്ന് 50 ലക്ഷം രൂപ നൽകുന്നതിനു പുറമേ ലക്ഷദ്വീപിലെ മുഴുവൻ സർക്കാർ ജീവനക്കാരും ഒരു ദിവസത്തെ ശമ്പളവും കേരളത്തിനു നൽകും. ലക്ഷദ്വീപ് എംപി മുഹമ്മദ് ഫൈസൽ ഒരു മാസത്തെ ശമ്പളം കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു സംഭാവനചെയ്യും. സംഘടനകളും വിദ്യാർഥികളും ഉൾപ്പെടെയുള്ള ദ്വീപു നിവാസികൾ പ്രളയബാധിതരെ സഹായിക്കുന്നതിനായി ഫണ്ട് സമാഹരിച്ച് നൽകും.

### ദുരിതാശ്വാസ നിധിയിലേക്കു പോലീസ് 10 കോടി രൂപ നൽകും

തിരുവനന്തപുരം: പ്രളയ ദുരന്തത്തിൽപ്പെട്ട് കാണാതായ അവസാന ആളിനെ കണ്ടെത്തുന്നതു വരെ പോലീസിന്റെ ഭാഗത്തുനിന്നുള്ള രക്ഷാ പ്രവർത്തനം തുടരുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ. സേനയിലെ നാൽപ്പതിനായിരത്തോളം ഉദ്യോഗസ്ഥർ രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരികയാണെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ അറിയിച്ചു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പോലീസ് സേനയുടെ വകയായി പത്ത് കോടി രൂപ നൽകുമെന്നു ബെഹ്റ പറഞ്ഞു. വെള്ളം കയറിയ വീടുകളിലെ ശുചീകരണം പോലീസ് സേനാംഗങ്ങൾ ചെയ്യും.